## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരായ ശ്രീ.കെ.കുമാരൻ മുതൽ പേർ ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.6927/2019 മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 08/03/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

### തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 1850/2020/തസ്വഭവ തീയതി, തിരുവനന്തപുരം : 08/10/2020

പരാമർശം : 1) ശ്രീ.കെ.കുമാരൻ മുതൽ പേർ (കണ്ടിജന്റ് വിഭാഗം ജീവനക്കാർ, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ) 24/12/2018 തീയതിയായി സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ (എക്സിബിറ്റ്-പി14).

2) ശ്രീ.കെ.കുമാരൻ മുതൽ പേർ (കണ്ടിജന്റ് വിഭാഗം ജീവനക്കാർ, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ) ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.6927/2019 മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 08/03/2019 തീയതിയിലെ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 08/08/2019 തീയതിയിലെ ഇ 2-14200/2019 നമ്പർ കത്ത്.

### ഉത്തരവ്

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരായ ശ്രീ.കെ.കുമാരൻ മുതൽപേർ ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.6927/2019 മേലുള്ള പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിൽ, ടി വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമായി മൂന്നുമാസത്തിനകം ടി കേസിലെ പരാതിക്കാർക്കും കോർപ്പറേഷനും നോട്ടീസ് അയച്ചതിനുശേഷം പരാമർശം (2) പ്രകാരമുള്ള നിവേദനങ്ങളിന്മേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ടി കേസിലെ മൂന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് ബഹു.കോടതി നിർദ്ദേശിച്ചിരുന്നു. അതുവരെ എക്സിബിറ്റ്-പി5 മുതൽ എക്സിബിറ്റ്-പി13 വരെയുള്ള നടപടിക്രമങ്ങൾ നിറുത്തിവയ്ക്കണമെന്നും ടി ഉത്തരവിൽ നിർദ്ദേശമുണ്ടായിരുന്നു.

2) ബഹു.കോടതിയുടെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാർക്കും കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയ്ക്കും 18/09/2020 തീയതിയിലെ ഇയു3/108/2019/തസ്വഭവ നമ്പർ കത്ത് പ്രകാരം നോട്ടീസ് അയച്ചു. ടി വിധിന്യായത്തിൽ പരാമർശിക്കുന്ന എക്സിബിറ്റ്സ് - പി14 എന്നത് പരാതിക്കാരായ ശ്രീ.കെ.കുമാരൻ മുതൽ 15 പേർ ഉചിതമാർഗ്ഗേണ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതായി പറയുന്ന 24/12/2018 തീയതിയായുള്ള വ്യക്തിഗത നിവേദനങ്ങളാണ്.

3) കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ ട്രാൻസ്പോർട്ട് വിഭാഗത്തിൽ നിലവിൽ

കാറ്റഗറി-I സ്കിൽഡ് വർക്കർമാരായി ജോലി ചെയ്തുവരുന്നതും വിരമിച്ചതും ഉൾപ്പെടെ 15 ജീവനക്കാരെ, മലമ്പുഴയിലെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നടത്തുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ, 18/05/2006 ലെ സ.ഉ.(എം.എസ്) നം.1243/2006/തസ്വഭവ, 17/02/2007 ലെ 124-ാം നമ്പർ കോർപ്പറേഷൻ കൗൺസിൽ തീരുമാനം എന്നിവ പ്രകാരം കാറ്റഗറി - II ൽ നിന്നും കാറ്റഗറി - I ലേയ്ക്ക് മാറ്റി നിയമിച്ചിട്ടുള്ളതാണെന്നും, ഇപ്രകാരം കാറ്റഗറി - I ൽ നിയമിതരായ ജീവനക്കാരുടെ ശമ്പളം 12/03/2007 മുതൽ കെ.എസ്.ആർ 28 എ പ്രകാരം പുനർനിർണ്ണയം ചെയ്യുകയും സർവ്വീസിൽ പ്രവേശിച്ച കാലയളവ് കണക്കാക്കി 16,22,27 വർഷത്തെ ഗ്രേഡ് പ്രൊമോഷൻ നൽകുകയും ശമ്പളം പുനർനിർണ്ണയിക്കുകയും ആയതിന് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണെന്നും, എന്നാൽ ടി ശമ്പള നിർണ്ണയം തെറ്റാണെന്നും രണ്ടോ അതിലധികമോ ഗ്രേഡ് വാങ്ങുകയും കാറ്റഗറി - I ലേയ്ക്ക് മാറ്റി നിയമിക്കുകയും ചെയ്യുന്ന സമയത്ത് ഉയർന്ന സ്കെയിലിൽ നിന്നും താഴ്ന്ന സ്കെയിലിലുള്ള നിയമനമായതിനാൽ സ്പെഷ്യൽ റൂളുകളിൽ ശമ്പള നിർണ്ണയത്തെക്കുറിച്ച് നിർദ്ദേശമുണ്ടെങ്കിൽ ആയതിന് അനുസരിച്ച് ശമ്പളം നിർണ്ണയിക്കാമെന്നും സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാൽ ശമ്പള നിർണ്ണയം നടത്തേണ്ടത് എങ്ങനെയെന്ന കാര്യത്തിൽ സർക്കാരിൽ നിന്നും വ്യക്തത വരുത്തണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് അറിയിച്ചിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

4) ബഹു.കോടതിയുടെ മേൽവിധിന്യായത്തിന്റെയും പരാമർശം (3) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 18/06/2006 ലെ സ.ഉ.(സാധാ) നം.1243/01/തസ്വഭവ ഉത്തരവ് പ്രകാരമാണ് കോഴിക്കോട് നഗരസഭയിലെ കാറ്റഗറി II വിഭാഗത്തിൽ ജോലി ചെയ്തിരുന്ന കണ്ടിജന്റ് വിഭാഗം ജീവനക്കാരെ കാറ്റഗറി I ലേയ്ക്ക് മാറ്റി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നത്. ജീവനക്കാരെ മാറ്റി നിയമിക്കുമ്പോൾ അവരുടെ ശമ്പളം നിർണ്ണയിക്കേണ്ട രീതി പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരുന്നില്ല. ടി ജീവനക്കാരുടെ ശമ്പളം 12/03/2007 മുതൽ കെ.എസ്.ആർ 28 എ പ്രകാരം പുനർനിർണ്ണയം നടത്തിയതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ആദ്യം അംഗീകാരം നൽകുകയുണ്ടായി. എന്നാൽ ഈ ശമ്പള നിർണ്ണയം തെറ്റാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പിന്നീട് കണ്ടെത്തുകയും രണ്ടോ അതിലധികമോ ഗ്രേഡ് വാങ്ങുകയും കാറ്റഗറി I ലേയ്ക്ക് മാറ്റി നിയമിക്കുകയും ചെയ്യുന്ന സമയത്ത് ഉയർന്ന സ്കെയിലിൽ നിന്നും താഴ്ന്ന സ്കെയിലിലുള്ള നിയമനമായതിനാൽ സ്പെഷ്യൽ റൂളുകളിൽ ശമ്പള നിർണ്ണയത്തെക്കുറിച്ച് നിർദ്ദേശമുണ്ടെങ്കിൽ ആയതിന് അനുസരിച്ച് ശമ്പളം നിർണ്ണയിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശ പ്രകാരം ശമ്പള നിർണ്ണയം നടത്തുമ്പോൾ

അടിസ്ഥാന ശമ്പളത്തിൽ ഭീമമായ കുറവും ലക്ഷക്കണക്കിന് രൂപ ടി ജീവനക്കാർക്ക് തിരിച്ചടയ്ക്കേണ്ടതായും വരുന്നുണ്ട്. കാറ്റഗറി I ലേയ്ക്ക് നിയമനം നൽകിയപ്പോൾ ശമ്പളം നിർണ്ണയിച്ചതിലുണ്ടായ അപാകത യഥാസമയം പരിഹരിക്കപ്പെടാതിരുന്നതുമൂലമാണ് ജീവനക്കാർക്ക് തുക തിരിച്ചടയ്ക്കേണ്ടുന്ന സാഹചര്യം സംജാതമായത്. കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവു പ്രകാരം കാറ്റഗറി II, കാറ്റഗറി I എന്നീ വിഭാഗങ്ങളിൽ പ്രത്യേകം സംയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും കാറ്റഗറി I, കാറ്റഗറി II ന്റെ പ്രൊമോഷൻ തസ്തികയല്ല. കൂടാതെ സ്പെഷ്യൽ റൂൾ നിലവിലില്ലാത്തതിനാൽ കാറ്റഗറി II ൽ നിന്നും കാറ്റഗറി I ലേയ്ക്കുള്ള മാറ്റം സ്പെഷ്യൽ റൂൾ വഴിയുള്ള ബൈട്രാൻസ്ഫർ നിയമനമായും കണക്കാക്കാനാവില്ല.

5) മേൽ സാഹചര്യത്തിൽ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് ജീവനക്കാരുടെ കാറ്റഗറി II ലെ ഉയർന്ന സ്കെയിലിൽ നിന്നും താഴ്ന്ന സ്കെയിലിലുള്ള കാറ്റഗറി I ലേയ്ക്കുള്ള നിയമനത്തിൽ കെ.എസ്.ആർ റൂൾ 28 എ പ്രകാരമുള്ള ശമ്പള പുനർനിർണ്ണയത്തിനോ ശമ്പള സംരക്ഷണത്തിനോ അർഹതയില്ലാത്തതിനാൽ പരാമർശം (1) പ്രകാരമുള്ള എക്സിബിറ്റ്-പി14 നിവേദനങ്ങളിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

6) പരാമർശം (2) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ. കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്. തിരുവനന്തപുരം
സെക്രട്ടറി. കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ